**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1286** **19-09-2025 - ൽ മറുപടിയ്ക്ക്**

**രാമനാട്ടുകര- കുളത്തൂർ ജംങ്ഷൻ വരെ നാലുവരി പാതയാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | എൻ.എച്ച്. 966 കോഴിക്കോട് - പാലക്കാട് ദേശീയപാതയിൽ രാമനാട്ടുകര മുതൽ എയർപോർട്ട് ജംങ്ഷൻ വരെ നാലുവരിപാതയാക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | രാമനാട്ടുകര -കോഴിക്കോട് എയർപോർട്ട് റോഡ് നാലുവരിപാതയായി വികസിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം കേന്ദ്രഉപരിതല ഗതാഗത വകുപ്പ് മന്ത്രിയുമായി നടത്തിയ ചർച്ചയിൽ ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വിശദപദ്ധതിരേഖ തയ്യാറാക്കുന്നതിന് ദേശീയപാത അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിശദ പദ്ധതി രേഖ തയ്യാറാക്കുന്നതിനുള്ള ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുവേണ്ടി സർക്കാർ മുമ്പ് നടപടി സ്വീകരിച്ചിരുന്നുവോ; എങ്കിൽ ആരാണ് ഡി.പി.ആർ. തയ്യാറാക്കിയതെന്നും ഇതിന്റെ മതിപ്പ് ചെലവ് എത്രയാണെന്നും വ്യക്തമാക്കുമോ; | (ബി) | രാമനാട്ടുകര മുതൽ എയർപോർട്ട് ജംഗ്ഷൻ വരെയുള്ള ഭാഗം 4 വരിപ്പാതയായി വികസിപ്പിക്കുന്ന പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷന് 33.70 ലക്ഷം രൂപയുടെ ഭരണാനുമതി ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർക്ക് നൽകിയിരുന്നു. തുടർന്ന് പൊതുമരാമത്ത് ഡിസൈൻ വിംഗ് പ്രൊജക്ട് പ്രിപ്പറേഷൻ യൂണിറ്റ് പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. തുടർന്ന് ഫണ്ട് ലഭ്യതയ്ക്കായി പ്രവൃത്തി കിഫ്ബി പ്രവൃത്തികളിൽ ഉൾപ്പെടുത്തി കെ.ആർ.എഫ്.ബി യ്ക്ക് കൈമാറിയിട്ടുണ്ട്.<br><br>രാമനാട്ടുകര മുതൽ എയർപോർട്ട് ജംഗ്ഷൻ വരെയുള്ള ഭാഗം 24 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിന് സ്ഥലമെറ്റെടുപ്പിനായി 443.144 കോടി രൂപയുടെ LA Proposal അംഗീകാരത്തിനായി കിഫ്ബിയിൽ നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ഡി.പി.ആർ. ൽ തുടർനടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) | ബി പിരിവിന്റെ അതേ മറുപടി. |
| (ഡി) | പ്രസ്തുത റോഡിലെ ഗതാഗത കുരുക്ക് കണക്കിലെടുത്ത് രാമനാട്ടുകര മുതൽ കുളത്തൂർ ജംങ്ഷൻ വരെ നാലുവരി പാതയാക്കുന്നത് ജില്ലാ | (ഡി) | എൻ.എച്ച്. 966 കോഴിക്കോട് - പാലക്കാട് ദേശീയപാതയിൽ രാമനാട്ടുകര മുതൽ എയർപോർട്ട് ജംങ്ഷൻ വരെ നാലുവരിപാതയാക്കുന്ന പദ്ധതിക്ക് |

| | | | |
|---|---|---|---|
| | ആസ്ഥാനമായ മലപ്പുറം വരെ നീട്ടുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോയെന്ന് വ്യക്തമാക്കുമോ? | | അംഗീകാരം നൽകണമെന്ന് ബഹു.മുഖ്യമന്ത്രിയും ബഹു.കേന്ദ്രഉപരിതല ഗതാഗത വകുപ്പ് മന്ത്രിയും 04.06.2025 ൽ നടത്തിയ യോഗത്തിൽ സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. അനുമതി നൽകുന്ന വിഷയം ചൂണ്ടിക്കാട്ടി കേന്ദ്രഉപരിതല ഗതാഗത വകുപ്പിന് കത്തയക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ